# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2719 20/03/2015 -ലെ മറുപടിയ്ക്ക്</u>**

**<u>ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എളമരം കരീം<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ.കെ. സുരേഷ് കുറുപ്പ്<br>ശ്രീ. രാജു എബ്രഹാം | | ശ്രീ. പി. കെ. അബ്ദുറബ്ബ്.<br>(ബഹു:വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | അടുത്ത അദ്ധ്യയന വർഷത്തേയ്ക്കുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അച്ചടി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ആരംഭിച്ചത്; | (എ) & (ബി) | 2015-16 അദ്ധ്യയനവർഷത്തേയ്ക്കുള്ള ഹയർ സെക്കന്ററി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തുന്നതിനുള്ള ചുമതല, സർക്കാർ പൊതു മേഖലാസ്ഥാപനമായ സി-ആപ്റ്റിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അച്ചടി സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു. |
| (ബി) | ഇതിന്റെ അച്ചടി ജോലികൾ സർക്കാർ ഉടമസ്ഥതയിലുള്ള പ്രസ്സിലാണോ നടക്കുന്നതെന്ന് അറിയിക്കാമോ;അല്ലെങ്കിൽ മറ്റേത് സ്ഥാപനത്തേയാണ് ഏല്പിച്ചത്; | | |
| (സി) | പാഠപുസ്തകങ്ങളുടെ സിലബസ് എന്നാണ് തയ്യാറാക്കി കിട്ടിയത്; | (സി) | പാഠപുസ്തകങ്ങളുടെ സിലബസ്സ് അവയുടെ രചനാസമയത്തിന് മുൻപായി തയ്യാറാക്കി കിട്ടിയിട്ടുണ്ട്. |
| (ഡി) | അദ്ധ്യാപകർക്കുള്ള കൈപുസ്തകത്തിന്റെ അച്ചടി തുടങ്ങിയിട്ടുണ്ടോ; | (ഡി) | 1-ാം വർഷ കൈപുസ്തകത്തിന്റെ അച്ചടി പൂർത്തിയായി. രണ്ടാം വർഷ കൈപുസ്തകത്തിന്റെ അച്ചടിക്കായുള്ള നടപടികൾ എസ്.സി.ഇ ആർ.ടി സ്വീകരിച്ചു വരുന്നു. |
| (ഇ) | അദ്ധ്യയന വർഷാരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാനാകുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | അദ്ധ്യയന വർഷം ആരംഭിക്കുന്നതിനു മുൻപ് തന്നെ പാഠപുസ്തകങ്ങൾ വിതരണം നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

8